## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 371 — 28.6.2011-ൽ മറുപടിയ്ക്ക്

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണങ്ങൾ മൂലം കഴിഞ്ഞ 3 വർഷങ്ങളിൽ ഉണ്ടായ കൃഷിനാശത്തിന്റെ തോത് കണക്കാക്കി യിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ കാലയളവിൽ എത്ര പേർ വന്യ ജീവികളുടെ ആക്രമണങ്ങളിൽ മരണമടഞ്ഞുവെന്ന് അറിയി ക്കാമോ; | (ബി) | 83 പേർ (പാമ്പ്കടി ഉൾപ്പെടെ) മരണമടഞ്ഞിട്ടുണ്ട്. |
| (സി) | വന്യജീവികളിൽ നിന്നുണ്ടാകുന്ന ആക്രമണവും കൃഷിനാശവും തടയുവാൻ എന്തെല്ലാം പുതിയ നടപടികളാണ് ഉദ്ദേശിക്കുന്ന തെന്ന് അറിയിക്കാമോ ; | (സി) | വന്യജീവികളിൽ നിന്നുണ്ടാകുന്ന ആക്രമണവും കൃഷിനാശവും തടയാൻ താഴെ പറയുന്ന നടപടികളാണ് നടപ്പിലാക്കി വരുന്നത്.<br>1. കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാനുപകരിക്കുന്ന കിടങ്ങുകൾ, വൈദ്യുതി കമ്പിവേലികൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.<br>2. കൃഷിയിടങ്ങളിലേക്ക് ഇറങ്ങി വരുന്ന മൃഗങ്ങളെ തിരിച്ചു വിടാനുള്ള നടപടികൾ കൈക്കൊള്ളുന്നു.<br>3. ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഉൾവനങ്ങളിൽ തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.<br>4. കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷി രീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.<br>5. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തു വരുന്നു. |

6. വനങ്ങൾക്കുള്ളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളായ കള്ളവാറ്റും, കഞ്ചാവ് കൃഷിയും, കാട്ടുതീയും തടയുന്നതിനാവശ്യമായ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നു.

7. കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

8. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നു.

9. കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി വെടിവച്ചു കൊല്ലുവാൻ പരീക്ഷണാടിസ്ഥാനത്തിൽ, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

10. കാട്ടിലിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഈ ആവശ്യങ്ങൾക്കായി കേന്ദ്ര സർക്കാർ എന്തെല്ലാം ധനസഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (ഡി) | 100% കേന്ദ്ര സഹായം ലഭിക്കുന്ന പ്രോജക്ട് എലിഫന്റ് പദ്ധതിയിലും 50% കേന്ദ്ര സഹായം ലഭിക്കുന്ന സംരക്ഷിത മേഖലകൾക്കായുള്ള പദ്ധതികളിലും അനുവദിക്കുന്ന തുകയുടെ ഒരു ഭാഗം മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം കുറക്കുന്നതിനുള്ള നടപടികൾക്കായി ഉപയോഗിച്ചു വരുന്നുണ്ട്. |
| (ഇ) | ആക്രമണകാരികളായ കാട്ടാനകളിൽ റേഡിയോ കോളർ ഘടിപ്പിക്കുന്ന പദ്ധതി ഇപ്പോൾ എവിടെയെല്ലാം നടപ്പിലാക്കുന്നുണ്ട്; | (ഇ) | പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ നടപ്പാക്കി വരുന്നു. |
| (എഫ്) | ഇത് വ്യാപകമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പരിപാടി വിജയപ്രദമായാൽ മറ്റ് ജില്ലകളിലെ വനമേഖലകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ